ഉത്തരം

(എ) പ്രസ്തുത പരാതിയിൽമേൽ മ്യൂസിയം സ്റ്റേഷനിൽ ക്രൈം 149/99 യു/എസ്/74 സി.ആർ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നത്തിവരുന്നു.

(ബി)(സി)&(ഡി) സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ 24.2.99-ന് ബന്ധപ്പെട്ട രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്.

107 (2420) പൂംതുരുത്തി നാസർ വധക്കേസ്

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പൂംതുരുത്തി നാസർ വധക്കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) അന്വേഷനം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(ബി)&(സി) തിരൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന ആവശ്യത്തെ തുടർന്ന് അതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

108 (2421) കണ്ണൂർ സായുധ സേനാവിഭാഗത്തിൽ കുടിവെള്ളക്ഷാമം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സായുധ സേനാവിഭാഗത്തിൽ കുടിവെള്ളക്ഷാമം ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ഡി) നടപടികൾ എടുത്തിട്ടില്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ സായുധസേനാവിഭാഗത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സ്ഥലം അക്വയർ ചെയ്ത്, കിണർ കുഴിച്ച്, പമ്പ്സെറ്റ് സ്ഥാപിച്ച് ക്യാമ്പിലേയ്ക്ക് കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുന്നതിനായി 6,11,250/- രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അത് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

109 (2422) ഭരണിക്കാവ് ഭാസ്കരനേയും സഹോദരങ്ങളേയും പരിക്കേൽപ്പിച്ച കേസ്സ്

<u>ശ്രീ. എം. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുലയർ സഹാസഭ മാവേലിക്കര താലൂക്ക് യൂണിയൻ പ്രസിഡന്റ് ഭരണിക്കാവ് ഇടരിയ്ക്കൽ തറയിൽ ഭാസ്കരനേയും സഹോദരങ്ങളേയും മാരകമായി വെട്ടി പരിക്കേൽപ്പിച്ച കേസ്സിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ടോ;

(ബി) ചികിത്സയിൽ കഴിഞ്ഞിരുന്ന ഭാസ്കരന്റേയും സഹോദരങ്ങളുടേയും പേരിൽ കുറത്തിയ്ക്കാട് പോലീസ് കേസ്സ് എടുക്കുകയുണ്ടായോ;

(സി) ഈ സംഭവത്തിലെ യഥാർത്ഥ പ്രതികളിൽ ഏഴുപേരെ മനഃപൂർവ്വം ഒഴിവാക്കിയാണ് പോലീസ് കേസ്സ് എടുത്തതെന്ന പരാതി ഉന്നതതലത്തിൽ അന്വേഷിക്കുമോ;

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും പട്ടികജാതിക്കാർക്കെതിരെ ഉണ്ടായിരിക്കുന്ന പീഡന നടപടികൾ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ഭാസ്കരൻ, സഹോദരൻ ഗോപാലൻ, ശ്യമള എന്നിവരെ വെട്ടിയും മറ്റും പരിക്കേൽപ്പിച്ച സംഗതിക്ക് കുറത്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം 13/2000 നമ്പറായി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസ്സിലെ പ്രതികളായ ജയകുമാർ, ജയചന്ദ്രൻ, ഷാജി എന്നിവർ കോടതിയിൽ നേരിട്ട് ഹാജരായി ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്.

(ബി) കുറത്തിക്കാട് പോലീസ് സ്റ്റേഷനിൽ ഭാസ്കരന്റേയും സഹോദരങ്ങളുടേയും പേരിൽ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 447, 324, 323, 326, 308 വകുപ്പുകൾ പ്രകാരം ക്രൈം 12/2000 നമ്പറായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഭാസ്കരനേയും മറ്റും ദേഹോപദ്രവമേൽപ്പിച്ച സംഗതിക്ക് സഹോദരൻ ഉണ്ണിക്കൃഷ്ണൻ പോലീസ് സ്റ്റേഷനിൽ കൊടുത്ത മൊഴിയിൽ ജയകുമാർ, ജയചന്ദ്രൻ, ഷാജി എന്നീ മൂന്ന് പ്രതികളെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. അന്വേഷണത്തിലും മൂന്നു പ്രതികൾ മാത്രമേ കൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളുവെന്ന് വെളിവായിട്ടുണ്ട്. ഏഴു പ്രതികൾ ഉണ്ടായിരുന്നു എന്നത് സത്യമല്ല.

(ഡി) ഭാസ്കരന്റെ വീടിനുസമീപമുള്ള കുര്യാലയിൽ വിളക്കുവയ്ക്കുന്നതിനെ ചൊല്ലി ഇരുകക്ഷികളും തർക്കമുണ്ടാവുകയും തുടർന്ന് ഇരുകൂട്ടരും തമ്മിൽ സംഘട്ടനമുണ്ടായിട്ടുള്ളതുമാണ്. സംഘട്ടനത്തിൽ ഭാസ്കരനും സഹോദരങ്ങൾക്കും പരിക്കേറ്റ സംഗതിക്ക് ക്രൈം 13/2000 പ്രകാരവും ജയചന്ദ്രൻ, ഷാജി എന്നിവർക്ക് പരിക്കേറ്റ സംഗതിക്ക് ക്രൈം 12/2000 നമ്പർ പ്രകാരവും കുറത്തിക്കാട് പോലീസ് സ്റ്റേഷനിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly